നടത്തിപ്പും ആധുനികവത്ക്കരണവും സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പഠന പ്രവർത്തനങ്ങളിൽ മികവ് സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ദ്ധർക്കും അപേക്ഷിക്കാവുന്നതാണ്. കേരളത്തിന്റെ ഇന്നത്തെ വികസനാവശ്യങ്ങളുടെ പശ്ചാത്തലത്തിലുള്ള മേഖലകൾക്കാണ് മുൻഗണന നൽകുക.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങളും 1000 അദ്ധ്യാപകരുടെ നിയമനവും.

സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

**ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ**

91 (4479) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യവും ഭൗതികസാഹചര്യങ്ങളുമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ് ഈ പിന്നാക്കാവസ്ഥയ്ക്ക് കാരണമെന്നത് പരിശോധിക്കുമോ;

&

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

(എ-സി) ഉണ്ട്. ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈ പ്രദേശങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പിന്നാക്കാവസ്ഥകൂടി കണക്കാക്കി കാലാകാലങ്ങളിൽ സർക്കാർ പിന്നാക്ക മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ അനുവദിച്ചുവരുന്നുണ്ട്. അപ്രകാരം അനുവദിച്ചവയാണ് വയനാട്, ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, മഞ്ചേരി, മാനന്തവാടി സർക്കാർ പോളിടെക്നിക്ക് കോളേജുകൾ എന്നിവ.

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് നില നിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരിക്കാൻ കമ്പ്യൂട്ടർ സയൻസ് രംഗത്ത് സമഗ്രപഠനം സാധ്യമാക്കുന്ന പുതിയൊരു കോളേജ് അനുവദിക്കുമോ;

&

(ഇ) ഇതിനായി പ്രസ്തുത മണ്ഡലത്തിൽ പാനൂർ നഗരസഭയിലെ കനകമലയിൽ ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(ഡി&ഇ) നിലവിൽ പരിഗണനയിലില്ല.

**ജീവനി പദ്ധതി**

92 (4480) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മനഃശാസ്ത്ര സഹായം നൽകിവരുന്ന ജീവനി എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani College Mental Awareness Programme" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി സൈക്കോളജി കൗൺസിലർമാരെ നിയോഗിച്ച് പദ്ധതി വിജയകരമായി നടത്തിവരുന്നു. കോവിഡ് വ്യാപന നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ കോളേജുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ടെലിഫോൺ മുഖേന കൗൺസിലിംഗ് നൽകാനും സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകളിൽ നിയോഗിച്ചിട്ടുള്ള സൈക്കോളജി കൗൺസിലർമാർക്ക് പരിശീലനം നൽകുന്നതിനായി NIMHANS ബാംഗ്ലൂർ, KSMHA (Kerala State Mental Health Authority), തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, കേരള സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly